കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കീഴാറ്റൂർ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.11/2010/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

മലപ്പുറം

തിയ്യതി.

20-10-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കീഴാറ്റൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കീഴാറ്റൂർ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം11/2010/2017 തിയ്യതി. 20-10-2017

മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14-10-2016 മുതൽ 3-08-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 04-08-2017 മുതൽ 17-08-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. നസ്സീർ. ടി.കെ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ. സന്തോഷ് | സീനിയർ ഗ്രേഡ് ഓഡിറ്റർ (4.8.2017 ന് മാത്രം) |
| ശ്രീ. രാമകൃഷ്ണൻ | ഓഡിറ്റർ (09.8.2017 വരെ മാത്രം ) |
| ശ്രീ.യൂസഫ് .പി | സീനിയർ ഗ്രേഡ് ഓഡിററർ<br>(16.8.2017 മുതൽ 19.8.2017 വരെ ) |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. പ്രസീത.എം | 01.04.2016 മുതൽ 31.03.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.തോമസ്സ് ജോസഫ് | 01.04.2016 മുതൽ 2.10.2016വരെ |
| ശ്രീ.സുബൈർ.സി.ടി | 03.10.2016 മുതൽ 24.11.2016വരെ |
| ശ്രീ.തോമസ്സ് ജോസഫ് | 25.11.2016 മുതൽ 21.12.2016വരെ |
| ശ്രീ.മോഹൻകുമാർ.ജി | 22.12.2016 മുതൽ 18.03.2017വരെ |
| ശ്രീമതി.താഹിറ.എൻ | 19.03.2017 മുതൽ 31.03.2017വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.തോമസ്സ് ജോസഫ് | 01.04.2016 മുതൽ 09.01.2017 വരെ |
| | ശ്രീമതി. താഹിറ.എൻ | 10.01.2017 മുതൽ 31.03.2017 വരെ |
| അസി. എഞ്ചിനിയർ | ശ്രീ.അനിൽകുമാർ | 01.04.2016 മുതൽ 31.3.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ബേനസ്സീർ | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.അനൂപ്കുമാർ | 01.04.2016 മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജൻ | ശ്രീ.അജയകുമാർ | 01.04.2016 മുതൽ 31.3.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.രാധാമണി | 01.04.2016 മുതൽ 31.3.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.നീലകണ്ഠൻ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.സിന്ധു.കെ | 01.04.2016 മുതൽ 01.5.2016 വരെ |
| | ഡോ.ജയരാജൻ | 2.5.2016 മുതൽ 13.06.2016 വരെ |
| | ഡോ.സുഹാദ് | 14.6.2016 മുതൽ 31.3.2017 വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 12 | തൊഴിൽ നികുതി - അപാകതകൾ | 2-1 |

| | | |
|---|---|---|
| 13 | ഡി & ഒ ലൈസൻസ് -അപാകതകൾ | 2-2 |
| 14 | തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 2-3 |
| ഭാഗം III<br>ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 15 | മരാമത്ത് പ്രവൃത്തികൾ -മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണം | 3-1 |
| 16 | കുടിവെള്ള പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല | 3-2 |
| 17 | മരാമത്ത് പ്രവൃത്തി – നികുതി കുറവായി ഈടാക്കി | 3-3 |
| 18 | "വിമുക്തി" പദ്ധതി ഫണ്ട് ചെലവഴിച്ചിട്ടില്ല | 3-4 |
| 19 | പശ്ചിമഘട്ട വികസന പദ്ധതി ഫണ്ട് ചെലവഴിച്ചിട്ടില്ല | 3-5 |
| 20 | ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 3-6 |
| 21 | ആധാർ ഇൻസെന്റീവ് തുക വിതരണം ചെയ്തിട്ടില്ല | 3-7 |
| 22 | പൊതുടാപ്പുകൾ - തെരുവ് വിളക്കുകൾ - ചാർജ്ജ് അടവാക്കുന്നത് – സംയുക്ത പരിശോധന നടത്തണം | 3-8 |
| 23 | ഒ ഡി എഫ് - തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 3-9 |
| 24 | കൺവീനർ പ്രവൃത്തികൾ സുതാര്യമാക്കണം | 3-10 |
| 25 | ആശ്രയ പദ്ധതി കാര്യക്ഷമമല്ല | 3-11 |
| 26 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കണം | 3-12 |
| 27 | മാർഗ്ഗരേഖ പാലിക്കാതെ കെട്ടിട നിർമ്മാണ പ്രേജക്റ്റുകൾ തയ്യാറാക്കുന്നു | 3-13 |
| 28 | പി.എച്ച്.സി ക്ക് മരുന്ന് മുഴുവൻ കിട്ടിയിട്ടില്ല | 3-14 |

| | | |
|---|---|---|
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| അനുബന്ധം | | |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |
| 39 | Audit Certificate | 2 |
| 40 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 |
| 41 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 |
| 42 | ബാലൻസ് ഷീറ്റ് | 5 |


# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 30.3.2016 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 15.7.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 5.8.2017 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

<u>വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു</u>

1)കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 58 പ്രകാരമുള്ള നടപടികൾ പൂർണ്ണമല്ല.

2)ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

3)ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ സ്ഥാവര ജംഗമ ആസ്തികളും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

4)വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5)ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ബഡ്ജറ്റ് ഫംഗ്ഷൻ -ഫംഗ്ഷനറി അടിസ്ഥാനത്തിൽ സാംഖ്യാ വാർഷിക കണക്കുമായി താരതമ്യം ചെയ്യാവുന്ന വിധത്തിലല്ല.

6)ഗ്രാമപഞ്ചായത്തിന് പിരിഞ്ഞു കിട്ടാനുള്ള സംശയാസ്പദമായ തുകക്ക് പ്രോവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

7)തൊഴിൽ നികുതി - (വ്യാപാരികൾ) ഇനത്തിലുള്ള ഡിമാന്റ്, കളക്ഷൻ തുകകൾ ഡിമാന്റ് രജിസ്റ്ററിൽ ലഭ്യമല്ല.

8) വാർഷിക കണക്കിൽ രേഖപ്പെടുത്തിയ (ഷെഡ്യൂൾ B7) ഡെപ്പോസിറ്റ് സംബന്ധിച്ച വിവരങ്ങളുടെ സംഗ്രഹം ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, തുകകളുടെ ആധികാരികത രജിസ്റ്ററിൽ ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചില്ല. കൂടാതെ, വാടക ഡെപ്പോസിറ്റ് (13,240രൂപ), ലേലം ഡെപ്പോസിറ്റ് (27,600 രൂപ), ഓഡിറ്റോറിയം, ഹാൾ എന്നീ ഇനങ്ങളിലെ ഡെപ്പോസിറ്റ് (2,000രൂപ) എന്നിവ അക്കൗണ്ട് ചെയ്തിട്ടില്ല.

9)അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. തൻമൂലം വാർഷിക കണക്കിൽ രേഖപ്പെടുത്തിയ അഡ്വാൻസ് തുകകളുടെ (ഷെഡ്യൂൾ B 18) ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

10)കെട്ടിട നിർമ്മാണ പെർമിറ്റ് റെഗുലറൈസേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. തൻമൂലം വാർഷിക കണക്കിൽ ഈ ഇനത്തിൽ രേഖപ്പെടുത്തിയ തുകയുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

11)ഓഡിറ്റോറിയം ഫീസ് (7,000 രൂപ), കോഴിഫാമുകളിൽ നിന്നുമുള്ള ലൈസൻസ് ഫീസ് (17,100 രൂപ) എന്നീ വരവ് തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഷോപ്പിംഗ് കോംപ്ലക്സ് വാടക വരവ്, ലേലം എന്നിവയുടെ ഡിമാന്റ്, കളക്ഷൻ തുകകൾ ഡിമാന്റ് രജിസ്റ്ററും വാർഷിക കണക്കും തമ്മിൽ പൊരുത്തമില്ല.

12) ഷെഡ്യൂൾ B1 (പഞ്ചായത്ത് ജനറൽ ഫണ്ട് സംബന്ധിച്ച വിവരങ്ങൾ) വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

13) എം ജി എൻ ആർ ഇ ജി എസ് ആകെ ചെലവ് തുക വാർഷിക കണക്കും ചെലവ് രേഖകളും തമ്മിൽ പൊരുത്തമില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15856474 |
| വരവ് | 49956140 |
| ആകെ | 65812623 |
| ചെലവ് | 45608383 |
| നീക്കിയിരിപ്പ് | 20204240 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരമുള്ളത്)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/സർക്കാർ പിൻവലിച്ചത് | ചെലവ് ശതമാനം | നീക്കിബാക്കി 40(b) പ്രകാരം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14055616 | 14055616 | 10264736 | 3790880 | 73 % | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6848844 | 6848844 | 4471537 | 2377307 | 59 % | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4035849 | 4035849 | 2622805 | 1413044 | 65% | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3804600 | 3804600 | 2727030 | 1077570 | 72% | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7882084 | 7882084 | 4355790 | 3526294 | 55% | 0 |
| പെർഫോമൻസ് | 0 | 4691201 | 4691201 | 3110201 | 1581000 | 66 % | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഗ്രാന്റ് | | | | | | | |
| എം.എൻ.ആർ.ഇ. ജി.എസ്. | 143 | 10222832 | 10222975 | 10213131 | 0 | 100% | 9844 |
| ബി ഫണ്ട് | 0 | 43441260 | 43441260 | 43441260 | 0 | 100 % | 0 |

0

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 162 | 55332511 | 124 | 34125135 | 0 | 38 | 76.54% |

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 88% ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3279318 | 1123930 | 2155389 | (-)65.7 % |
| നികുതിയേതര വരവുകൾ | 1015537 | 525153 | 490384 | (-)48 % |
| മറ്റുവരവുകൾ | 9638727 | 6996 | 963173 | (-)99 % |
| ആകെ | 13933582 | 1656079 | 12277506 | (-)88 % |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 135720 | 91 |
| കർഷക തൊഴിലാളി പെൻഷൻ | 6231290 | 648 |
| വിധവാ പെൻഷൻ | 14649870 | 1210 |
| വാർദ്ധക്യകാല പെൻഷൻ | 7557525 | 1153 |
| വികലാംഗ പെൻഷൻ | 384810 | 342 |
| അവിവാഹിത പെൻഷൻ | 748810 | 65 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

5.8.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4465/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഇല്ല

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.7.2017 | 1.6.2017-30.6.2017 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.12.2007 | 1997-98 മുതൽ 2006-07 വരെ | 25.8.2008 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി - അപാകതകൾ

1)ബി എസ് എൻ എൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

WP( c) No. 16670/06 നമ്പർ തീയതി 07-09-2016 കേസിന്റെ അന്തിമ വിധിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2)സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ബാലന്നൂർ പ്ലാന്റേഷൻസ് ആന്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, പെരിന്തൽമണ്ണ | 2016-17 രണ്ട് അർദ്ധ വർഷങ്ങളിലെയും സ്ഥാപന തൊഴിൽ നികുതി |
| 2 | മണ്ണാർമല ക്ഷീര സഹകരണ സംഘം | 2016-17 രണ്ട് അർദ്ധവർഷങ്ങളിലെയും സ്ഥാപന തൊഴിൽ നികുതി |

| | | |
|---|---|---|
| 3 | പൂന്താനം ക്ഷീര സഹകരണ സംഘം | 2016-17 രണ്ട് അർദ്ധവർഷങ്ങളിലെയും സ്ഥാപന തൊഴിൽ നികുതി |
| 4 | പന്തല്ലൂർ ക്ഷീര സഹകരണ സംഘം | 2016-17 രണ്ട് അർദ്ധവർഷങ്ങളിലെയും സ്ഥാപന തൊഴിൽ നികുതി |

മേൽ സ്ഥാപനങ്ങളിൽ നിന്നും ക്രമപ്രകാരം തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3)അൺ എയിഡഡ് സ്കൂളുകൾ സർക്കാർ നിർദേശം പാലിക്കുന്നില്ല- തൊഴിൽ നികുതി നഷ്ടം

ജി ഒ (എം എസ് ) നം. 36/11/ജനറൽ എഡ്യൂക്കേഷൻ തി. 14.02.11 പ്രകാരം 1.01.2011 മുതൽ കേരളത്തിലെ അൺ എയിഡഡ് സ്കൂളുകളിലെ ജീവനക്കാർക്ക് താഴെ പറയും പ്രകാരം മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതാണ്.

ഹെഡ്മാസ്ററർ - 7000രൂപ

ഹൈസ്കൂൾ അസിസ്ററൻറ് - 6000രൂപ

പ്രൈമറി ടീച്ചർ - 5000രൂപ

ക്ളാർക്ക് - 4000രൂപ

പ്യൂൺ/ക്ലാസ് ഫോർ – 3500രൂപ

എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ മിനിമം വേതനത്തിനനുസൃതമായിട്ട് പോലും തൊഴിൽ നികുതി അടവാക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടു.

1.)അൽ ഫത്അഹ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, പൂന്താനം

2)യൂനിറ്റി ഇ എം എൽ പി സ്കൂൾ, തച്ചിങ്ങനാടം

സർക്കാർ നിർദ്ദേശം പാലിക്കാത്തത് സ്കൂളുകളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും ആയതിൻ പ്രകാരം തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുവാനും ആയതിൻെറ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-2 ഡി & ഒ ലൈസൻസ് -അപാകതകൾ

സാമ്പത്തിക വർഷത്തെ ഡി & ഒ ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ലൈസൻസ് ചട്ടങ്ങൾ പാലിക്കുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം12 3 (ഡി) പ്രകാരം അഞ്ച് കുതിരശക്തിയിൽ കവിയുന്ന യന്ത്രുമുപയോഗിച്ചു കൊണ്ടും പരിസര മലിനീകരണം ഉണ്ടാക്കുന്നതുമായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ ഇതര സ്ഥാപനങ്ങളുടെ പ്രത്യേക അനുമതി പത്രം ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ ആയത് പാലിക്കുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| | | |
| 1 | മുഹമ്മദ് ഫൈസൽ കുരിമണ്ണിൽ, വെള്ളില, മങ്കട<br>(10 HPമോട്ടോർ) | ഒരു രേഖയുമില്ല, അപേക്ഷമാത്രം |
| 2 | കെ ടി മുഹമ്മദ് അബ്ദുൾസലാം, കൊലോതൊടിക, മേലാറ്റൂർ (പി.ഒ)<br>ഹോളോബ്രിക്സ് നിർമ്മാണം<br>(9.5 HPമോട്ടോർ) | ഒരു രേഖയുമില്ല. ഗ്രാമപഞ്ചായത്ത് സാമ്പത്തിക വർഷത്തേക്ക് പ്രവർത്തനാനുമതി നൽകി. |
| 3 | ഡയറക്ടർ, ക്രീംഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ്, തച്ചിങ്ങനാടം (പി.ഒ) | മലീനീകരണ നിയന്ത്രണ ബോർഡിൽ നിന്നും consent to operate സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. കൂടാതെ, എഫ് എസ് എസ് ഐ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, സ്റ്റാൻഡേർഡ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് സാമ്പത്തിക വർഷത്തേക്ക് പ്രവർത്തനാനുമതി നൽകി |
| 4 | ജാഫർ എം മുളയൻങ്കായി മണ്ണാർക്കാട് (പി ഒ)<br>(12.5 HPമോട്ടോർ)<br>എം കെ എച്ച് ഫുഡ് പ്രോഡക്റ്റ്സ് | മലീനീകരണ നിയന്ത്രണ ബോർഡിൽ നിന്നും consent to operate സർട്ടിഫിക്കറ്റ്, എഫ് എസ് എസ് ഐ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് സാമ്പത്തിക വർഷത്തേക്ക് പ്രവർത്തനാനുമതി നൽകി. |
| 5 | ഇജാസ് കെ, കുന്നമ്മൽ, പൂന്താവനം (പി ഒ)<br>മുന്നാ ഫുഡ്സ് | ഒരു രേഖയുമില്ല, ഗ്രാമപഞ്ചായത്ത് സാമ്പത്തിക വർഷത്തേക്ക് പ്രവർത്തനാനുമതി നൽകി. |

ലൈസൻസ് ചട്ടങ്ങൾ പാലിച്ച് ലൈസൻസുകൾ അനുവദിക്കുന്നതിന് നടപടി ഉണ്ടാവേണ്ടതാണ്

2)സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമല്ല

ഗ്രാമപഞ്ചായത്തിൽ ഡി & ഒ ലൈസൻസ് ബാധകമായ സ്ഥാപനങ്ങളുടെ പട്ടിക (പൂട്ടിപ്പോയതും പുതിയതായി ആരംഭിച്ചതും ഉൾപ്പെടെ )ഗ്രാമപഞ്ചായത്തിൽ നിലവിൽ ലഭ്യമല്ല. അപാകത പരിഹരിക്കേണ്ടതാണ്.

3)ലൈസൻസ് ഫീസ് കുറവായി ഈടാക്കി

താഴെ പറയുന്ന സ്ഥാപനത്തിൽ നിന്നും ക്രമപ്രകാരം ഈടാക്കേണ്ടുന്ന ഡി & ഒ ലൈസൻസ് ഫീസ് നിരക്കിലും കുറവായാണ് ഈടാക്കിയിട്ടുള്ളത് .

| ക്രമ നം. | അപേക്ഷകന്റെ പേരും വിലാസവും | റിമാർക്സ് |
|---|---|---|
| 1 | മണികണ്ഠൻ ചോലയിൽ, കീഴാറ്റൂർ (പി ഒ)<br>ചോലയിൽ ട്രേഡേഴ്സ് | പ്രതിദിന വിറ്റുവരവ് (അപേക്ഷ പ്രകാരം) -1,00,000 രൂപ<br>ഈടാക്കിയത് -500രൂപ (രശീതി നം.11601101588 & 89/24.06.16)<br>ഈടാക്കേണ്ടത് -2,000 രൂപ (ചട്ടം 7, പട്ടിക -iii ഡി & ഒ ലൈസൻസ് ചട്ടങ്ങൾ )<br>കുറവ് - 1500 രൂപ |

തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഈടാക്കിയതിൻെറ വിവരം ലഭ്യമാക്കേണ്ടതുമാണ്.

4)അനധികൃതമായി ക്വാറികൾക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച്

1967 ലെ കേരള മൈനർ മിനറൽ കൺസെഷൻ റൂൾസ് പ്രകാരം സ്വകാര്യ സ്ഥലത്ത് ക്വാറി തുടങ്ങുന്നതിന് മൈനിംഗ് ആന്റ് ജിയോളിജി വകുപ്പിന്റെ അനുമതി പത്രം ആവശ്യമുണ്ട്. 2015 ലെ കേരള മൈനർ മിനറൽ കൺസെഷൻ റൂൾസ് നാല് പ്രകാരം അപ്രകാരം ജിയോളജി വകുപ്പിൽ നിന്നും നൽകുന്ന പെർമിറ്റിന്റെ ഒരു പകർപ്പ് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിന് അയച്ചു കൊടുക്കുന്നതാണ്. താഴെ പറയുന്ന വ്യക്തികൾക്ക് ജിയോളജി വകുപ്പിൽ നിന്നും നൽകിയ പ്രവർത്തനാനുമതി പത്രത്തിനു വിരുദ്ധമായി വർഷം മുഴുവൻ പ്രവർത്തിക്കുവാൻ അനുമതി നൽകിയതായി കാണുന്നു. കാരണം വ്യക്തമാക്കേണ്ടതാണ്.

| ക്രമ നം. | അപേക്ഷകന്റെ പേരും വിലാസവും | റിമാർക്സ് |
|---|---|---|
| 1 | ഹംസ<br>കരിപ്പാലി,<br>പട്ടിക്കാട് (പി ഒ ) | ജിയോളജിസ്റ്റ്, ജില്ലാ ജിയോളജി & മൈനിംഗ് കാര്യാലയം, മഞ്ചേരിയിൽ നിന്നും നൽകിയ നം.DOM/M-ഫ.468/2015 തി.27.01.2016 കത്ത് പ്രകാരം, മറ്റു സ്ഥാപനങ്ങളിൽ നിന്നുള്ള രേഖകൾ ഹാജരാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ജിയോളജി വകുപ്പിന്റെ പ്രവർത്തനാനുമതി പത്രമില്ലാതെ ഗ്രാമപഞ്ചായത്ത് വർഷം മുഴുവൻ |

| | | |
|---|---|---|
| | കരിങ്കല്ല് ഖനനം, വില്പന | പ്രവർത്തനാനുമതി നൽകി. സ്ഫോടക വസ്തുക്കൾ കൈവശം വെക്കുന്നതിനായി എ ഡി എം ൽ നിന്നും ലഭ്യമാക്കിയ അനുമതി പത്രവും ഫയലിൽ ഇല്ല. |

5)കീഴാറ്റൂർ ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ 22 കോഴിഫാമുകൾക്ക് 2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങൾ പ്രകാരം ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ ഒൻപത് കോഴി ഫാമുകളും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള സമ്മതപത്രം ഹാജരാക്കിയിട്ടില്ല. (1996 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ), ചട്ടം12 3(ഡി)) കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ, 2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10(1)പ്രകാരം സെക്രട്ടറിയോ, സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സ്ഥലത്ത് പരിശോധന നടത്തി കോഴികളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതാണ്. ഇപ്രകാരമുള്ള 100 എണ്ണത്തിൽ കൂടുതലുള്ള കോഴികൾക്ക് ചട്ടം 4(1) പ്രകാരമുള്ള ക്ലാസ് തരം തിരിവിന്റെ അടിസ്ഥാനത്തിൽ ചട്ടം 7(2) ൽ നിശ്ചയിച്ച പ്രകാരം ഡി& ഒ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ ഒരു അപേക്ഷയിലും അപ്രകാരം പരിശോധന നടത്തുകയോ, സെക്രട്ടറി അപേക്ഷ പരിശോധിക്കുകയോ ചെയ്തിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## **2-3** <u>തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.</u>

പഞ്ചായത്തിന്റെ പ്രധാന തനതു വരുമാനങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീ എന്നിവ ചുമത്തുന്നതിലും പിരിച്ചെടുക്കുന്നതിലും സാരമായ വീഴ്ചയുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | അപാകതകൾ/പരാമർശം |
|---|---|
| വസ്തു നികുതി | 1. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ, നിലവിലുള്ള കെട്ടിടങ്ങളോട് കൂടി കൂട്ടിചേർക്കുന്നതിന് (Extension) പെർമിറ്റ് നൽകിയ ഭൂരിഭാഗം കേസുകളിലും പെർമിറ്റ് കാലാവധി കഴിഞ്ഞിട്ടും പെർമിറ്റ് പുതുക്കുകയോ, കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് നികുതി പുനർ നിർണ്ണയിക്കുകയോ ചെയ്യാത്തത് മൂലം നികുതി വരുമാനത്തിൽ ചോർച്ചയുണ്ടാവുന്നു.<br>2. താമസാവശ്യത്തിന് നികുതി നിർണ്ണയിച്ചിട്ടുള്ള പല കെട്ടിടങ്ങളും പഞ്ചായത്തിന്റെ അനുമതി കൂടാതെ ഒക്യൂപൻസി മാറ്റി ഉപയോഗിക്കുന്നതായി കാണുന്നു. ഉപയോഗത്തിന് അനുസൃതമായി നികുതി ചുമത്താത്തതു മൂലം നികുതി വരുമാനത്തിൽ കുറവുണ്ടാകുന്നു. സമീപ പഞ്ചായത്തുകൾ 5 % നിരക്കിൽ കെട്ടിട നികുതി ചുമത്തുമ്പോൾ 3% നിരക്കിൽ മാത്രമാണ് വസ്തു നികുതി ഈടാക്കുന്നത്. ആയത് പുനപ്പരിശോധിക്കാൻ പഞ്ചായത്ത് തയ്യാറാകേണ്ടതാണ്.<br>3. ബന്ധപ്പെട്ട വാർഡിന്റെ ചുമതലയുള്ള ക്ലാർക്ക്/ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ എന്നിവർ കൃത്യമായ ഇടവേളകളിൽ |

| | |
|---|---|
| | ഫീൽഡ് പരിശോധന നടത്തി സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതും സെക്രട്ടറി ആയതിൻമേൽ നടപടി സ്വീകരിക്കേണ്ടതുമാണ്. |
| തൊഴിൽ നികുതി | 1. വസ്തു നികുതി രജിസ്റ്റർ പ്രകാരം വാണിജ്യ/ വ്യവസായം/ വിദ്യാഭ്യാസം ആവശ്യങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുള്ള മുഴുവൻ അസസ്മെന്റുകളിൽ നിന്നും തൊഴിൽ നികുതി റിട്ടേൺ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.<br>2. തൻവർഷം ഡി & ഒ ലൈസൻസ് നൽകിയിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി റിട്ടേൺ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.<br>3. തൊഴിൽ നികുതി റിട്ടേൺ പ്രകാരമുള്ള അർദ്ധ വാർഷിക വരുമാനം സ്ഥാപനം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുമായി ഒത്തു നോക്കേണ്ടതാണ് (അർദ്ധ വാർഷിക വരുമാനം വളരെ കുറവായി കാണിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ). |
| ഡി & ഒ ലൈസൻസ് ഫീ | 1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും, ആയത് കാലികമാക്കേണ്ടതുമാണ്.<br>2. വസ്തു നികുതി രജിസ്റ്റർ പ്രകാരം വാണിജ്യ ആവശ്യങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. |
| പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്/ചോർച്ച തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. | |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരാമത്ത് പ്രവൃത്തികൾ -മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണം

ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വാർഷിക പദ്ധതി ചെലവിന്റെ 55 ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് വിനിയോഗിച്ചതെന്ന് കാണുന്നു. തനതു വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്താൻ 109 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ട്. 25667304/-രൂപയുടെ അടങ്കലിൽ 14820364/-രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. (58 % മാത്രം) ഒരു അസി.എഞ്ചിനീയർ, രണ്ട് ഓവർസിയർ ഉൾപ്പെടുന്ന എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവ ശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ബാധിക്കുന്ന വിഷയമാണ്.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

1.റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നു

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽ വരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലും പ്രാരംഭ നടപടി പോലും പൂർത്തിയാക്കിയില്ലായെന്ന് കാണുന്നു. എഞ്ചിനീയറിംഗ് വിഭാഗം കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശ ഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2.റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവുവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. ഗ്രാമ പഞ്ചായത്ത് തൻവർഷം നിർവ്വഹണം നടത്തിയ 25 പ്രോജക്ടുകൾ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് മാത്രമുള്ളതാണ് എന്ന് വ്യക്തമാവുന്നു. മൂന്ന് മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറ്റിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്. വീതി 3 മീറ്ററിൽ താഴെയുള്ള നടപ്പാതകളിൽ പൂർണ്ണമായും കോൺക്രീറ്റിംഗാണ് നിർവ്വഹിക്കുന്നത് എന്ന് കാണുന്നു. സബ് ബേസ് സൂങ്തനിംഗ് ഉറപ്പ് വരുത്തിയ ശേഷവും 1:2:4 കോൺക്രീറ്റിംഗ് ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരമുള്ള 7.5 മീ. കനത്തിൽ അധികം വ്യാപകമായ തോതിൽ നിർവ്വഹിക്കുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങളില്ലായെന്ന വസ്തുത നിലനിൽക്കുമ്പോൾ തന്നെ നിർമ്മാണത്തിനും മെയിന്റെനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

3.ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനത്തിലെ അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല.

പ്രവൃത്തി സംബന്ധിച്ച് പ്രവൃത്തി സ്ഥലത്ത് ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല എന്ന് കാണുന്നു. കോൺട്രാക്ടറുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.

4.ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തുന്നില്ല.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചെലവ് കണക്കാക്കുന്നത് എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത്, ഇവയിൽ കുറവായ തുകയാണ് അനുവദിക്കാൻ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. ആയത് പാലിക്കപ്പെടുന്നില്ല.

5.പർച്ചേസുകൾക്ക് ടാക്സ് ഇൻവോയ്സ് വാങ്ങുന്നില്ല.

കൺവീനർ പ്രവർത്തികളുടെ ഭാഗമായി വാങ്ങുന്ന സിമന്റ്, കമ്പി, പൈപ്പ്, മോട്ടോർ എന്നിവയുടെ ടാക്സ് ഇൻവോയ്സ് വാങ്ങുന്നില്ല എന്ന് കാണുന്നു. യഥാർത്ഥ ബിൽ ഇല്ലാതെ ഇപ്രകാരം ഉപകരണങ്ങൾ വാങ്ങുന്നത് വ്യാപകമാണ്. കുടിവെള്ള പദ്ധതികളുടെ മോട്ടോർ പൂർണ്ണമായും വാങ്ങുന്നത് വണ്ടൂർ ഹാർഡ് വെയർ ആന്റ് സാനിറ്ററി വെയേർസ്, വണ്ടൂർ എന്ന സ്ഥാപനത്തിൽ നിന്നാണ്. എന്നാൽ വാങ്ങിയ മോട്ടോറിന്റെ വാറന്റി വിവരങ്ങൾ പരിശോധിക്കാൻ ഉതകുന്ന യാതൊരു രേഖയും ഫയലിൽ ഉള്ളടക്കം ചെയ്യുന്നില്ല എന്ന് കാണുന്നു. ഇപ്രകാരമുള്ള നടപടികൾ വാങ്ങുന്ന ഉപകരണങ്ങളുടെ പ്രവർത്തന ക്ഷമതയെയും, വാറന്റി സാരമായി ബാധിക്കുന്നതാണ്.

6.ഭാഗികമായി പ്രവർത്തികൾ ചെയ്യുന്നു.

കുടിവെള്ള പദ്ധതികളുടെ നിർവഹണം ആസൂത്രണത്തിലെയും നിർവഹണത്തിലെയും പാളിച്ചകൾ കൊണ്ട് മുടങ്ങികിടക്കുന്ന അവസ്ഥയിലാണ്. ഓഡിറ്റിന്റെ ഭാഗമായി മൂന്ന് കുടിവെള്ള പ്രോജക്ടുകളുടെ നിർമ്മാണ പ്രവൃത്തി സന്ദർശിച്ചു. ഇവയുടെ നിർമ്മാണ രീതി ആശങ്കാജനകമാണ്. സർക്കാർ ഫണ്ട് വ്യക്തമായ ആസൂത്രണണമോ, മുൻഗണനാ ക്രമമോ പാലിക്കാതെയാണ് വിനിയോഗിക്കപ്പെടുന്നത് എന്ന് കാണുന്നു. കേവലം മുപ്പത് ശതമാനം മാത്രം പൂർത്തീകരിച്ച പ്രവൃത്തികളിൽ മോട്ടോർ നേരത്തേ തന്നെ വാങ്ങി സൂക്ഷിക്കുന്നതായി കാണുന്നു. പൂച്ചക്കാട് കോളനി കുടിവെള്ള പദ്ധതി, കാട്ടുമൂച്ചിക്കൽ കോളനി കുടിവെള്ള പദ്ധതി എന്നിവ ആസൂത്രണം ചെയ്തതിലും, നിർവഹിച്ചതിലും പിഴവുകൾ വന്നിട്ടുണ്ട്. വ്യക്തമായ ദീർഘ വീക്ഷണം ഇല്ലാതെയാണ് എഞ്ചീനീയറിങ്ങ് വിങ്ങ് പ്രവർത്തികളുടെ മേൽനോട്ടം നിർവഹിക്കുന്നത്.

## 3-2 കുടിവെള്ള പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല

i) പ്രവൃത്തി -പൂച്ചക്കാട് കോളനി കുടിവെള്ള പദ്ധതി

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം | (162/15, 145/16, 36/17 ) | അടങ്കൽ | 886000/-(എസ്.സി.പി ) |
| കൺവീനർ | രാജേഷ് ബാബു | എഗ്രിമെന്റ് | 88/14-15/19.2.15 |
| എം ബുക്ക് | 501/15-16 | ബിൽ നം | |
| ബിൽ നം | 56/15-16/31.03.2016 | തുക | 289447/-(പാർട്ട്) |
| ബിൽ നം | 66/16-17/31.03.2017 | തുക | 578560 (ഫൈനൽ ബിൽ) |

2014-15 ൽ എസ്.സി.പി ഫണ്ട് വകയിരുത്തി 162/15, 145/16, 36/17 എന്നീ പ്രോജക്റ്റ് പ്രകാരം കൺവീനർ വർക്കായിട്ടാണ് പ്രവൃത്തി നിർവഹണം. 2014-15 വർഷം പ്രോജക്റ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയെങ്കിലും പ്രവൃത്തി നിർവഹിക്കാനായില്ല. ആയതിനാൽ സ്പിൽ ഓവറായിട്ടാണ് 2 വർഷം ഉൾപ്പെടുത്തിയത്. പ്രവൃത്തിയുടെ പാർട്ട് ബിൽ 2015-16 ൽ നൽകുകയും ചെയ്തിട്ടുണ്ട്.

എസ്റ്റിമേറ്റ് റിപ്പോർട്ടിൽ കിണർ നിർമ്മാണം, റിങ്ങ് നിർമ്മാണം, പമ്പിങ്ങ് മെയിൻ സ്ഥാപിക്കൽ, വിതരണ ലൈൻ സ്ഥാപിക്കൽ, സ്റ്റീൽ ഫാബ്രിക്കേറ്റഡ് ടാങ്ക് ബേസ്, 5000 ലിറ്റർ വാട്ടർ ടാങ്ക്, സ്റ്റീൽ ഫാബ്രിക്കേറ്റഡ് പമ്പ് ഹൗസ്, അഞ്ച് എച്ച്.പി സബ്മേഴ്സിബിൾ മോട്ടോർ, വൈദ്യുതീകരണം എന്നിവ ഉൾപ്പെടുന്നതാണ് പ്രോജക്റ്റ്. ഫൈനൽ ബിൽ നൽകിയിട്ടും പദ്ധതി പൂർത്തീകരണത്തിന് വൈദ്യുതീകരണം നാളിതുവരെയായി

പൂർത്തീകരിച്ചതായി പ്രാദേശിക പരിശോധനയിൽ കാണാൻ കഴിഞ്ഞില്ല. 19.2.2015 ന് എഗ്രിമെന്റ് വച്ചിട്ട് ഗുണഭോക്താക്കൾക്ക് ഉപയോഗപ്രദമാക്കാൻ കഴിയാത്തത് നിർവ്വഹണോദ്യോഗസ്ഥൻെറ അനാസ്ഥയാണ്. ഭരണസമിതിയുടെ മോണിട്ടറിങ് കാര്യക്ഷമമല്ല.

ഓഡിറ്റിന്റെ ഭാഗമായി പദ്ധതി പ്രദേശം പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സന്ദർശിക്കുകയും പ്രവർത്തിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്തു. താഴെ രേഖപ്പെടുത്തിയ വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1.കിണർ കുഴിക്കുന്നത് സ്വകാര്യ വ്യക്തിയുടെ സ്ഥലത്താണ്. ഈ സ്ഥലം പഞ്ചായത്തിന് വിട്ട് നൽകിയ യാതൊരു രേഖയും ഫയലിൽ ഇല്ല. ഉടമസ്ഥന്റെ അനുമതിയോടെയാണോ കിണർ കുഴിച്ചത് എന്ന് വ്യക്തമല്ല.

2സ്റ്റീൽ ഫാബ്രിക്കേറ്റഡ് പമ്പ് ഹൗസ് വെൽഡ് ചെയ്ത് നിർമ്മിച്ച് കിണറിന്റെ പരിസരത്ത് നിന്ന് നൂറ് മീറ്റർ മാറി ഒരു റബർ തോട്ടത്തിൽ കിടക്കുന്നതായി കാണുന്നു. ഇതിന്റെ കാലുകൾ ഇപ്പോൾ തന്നെ തുരുമ്പെടുക്കുന്നതായി കാണുന്നു. ഇപ്രകാരം അലക്ഷ്യമായി കിടക്കുന്ന പമ്പ് ഹൗസിന് "Fabricating and fixing in position” എന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി തുക അനുവദിച്ച നടപടി ക്രമപ്രകാരമല്ല.

3.പ്രോജക്ടിന്റെ ഇരുപത് ശതമാനം വർക്ക് പോലും പൂർത്തിയാവാതെയാണ് മോട്ടോർ വാങ്ങിയിട്ടുള്ളത് എന്ന് കാണുന്നു. ഇപ്രകാരം വാങ്ങിയ മോട്ടോർ ദൂരെയുള്ള ഒരു വീട്ടിന്റെ സൺഷെയ്ഡിന് താഴെ സുരക്ഷിതമല്ലാത്ത സ്ഥലത്ത് തുരുമ്പെടുക്കുന്ന സാഹചര്യത്തിൽ മഴയും വെയിലും കൊണ്ട് ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണ് ഉള്ളത്. ഇപ്രകാരം മുൻകൂറായി മോട്ടോർ വാങ്ങിയതും ആയതിന്റെ വാറന്റി നഷ്ടപ്പെടാൻ ഇടയാക്കിയതും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അനാസ്ഥയായി കാണുന്നു.

4.പ്രോജക്ടിന്റെ ഭാഗമായി സ്റ്റീൽ ഫാബ്രിക്കേറ്റഡ് ടാങ്ക് ബേസ് സ്ഥാപിച്ചിട്ടുണ്ട്. അളവ് പുസ്തക പ്രകാരം ഇതിനായി 598.8കിലോ ഇരുമ്പ് ഉപയോഗിച്ചതായും രേഖപ്പെടുത്തുന്നുണ്ട്. അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ തിരുത്തിയതായും കാണുന്നു. ഇത്രയധികം അളവിൽ മെറ്റീരിയൽ ഉപയോഗിക്കാതെയാണ് ടാങ്ക് ബേസ് സ്ഥാപിച്ചിട്ടുള്ളത് എന്ന് വ്യക്തമാവുന്നു. മാത്രമല്ല, 5000 ലിറ്റർ വെള്ളം താങ്ങാനുള്ള ശേഷി ഇതിനില്ല എന്ന് പരിശോധനയിൽ വ്യക്തമാവുന്നു. മതിയായ തോതിൽ സപ്പോർട്ട് ബാറുകൾ സ്ഥാപിക്കാതെയാണ് ഇത് സ്ഥാപിച്ചിട്ടുള്ളത് എന്ന് കാണുന്നു. പ്രവൃത്തി നിർവഹണ ഘട്ടത്തിൽ മേൽനോട്ടത്തിലെ പിഴവ് പ്രകടമാക്കുന്നതാണ് ഈ ടാങ്ക് ബേസ്.

5.എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വൈദ്യുതീകരണത്തിന് പ്രോവിഷൻ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. എന്നാൽ 2016-17 ൽ പ്രോജക്ട് നം 35/17 പ്രകാരം 120226/-രൂപ വകയിരുത്തിയത് ക്രമപ്രകാരമല്ല. ഫൈനൽ ബിൽ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന പർച്ചേസ് ബില്ലുകൾ ഹാജരാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്.

| മെറ്റീരിയൽ | അളവ് | യൂണിററ് വില | തുക |
|---|---|---|---|
| സിമന്റ് | 190 ചാക്ക് | 390/ചാക്ക് | 74100 |
| ടി.എം.ടി സ്റ്റീൽ | 869 കിലോ | 45/-കി | 39105 |
| 50 എം.എം പി.വി.സി പൈപ്പ് (10 കി/സെ.മി2) | 500 മീ | 86/മീ | 43000 |
| 50 എം.എം പി.വി.സി പൈപ്പ് 500 മീ (6 കി) | 170 മീ | 95/മീ | 16150 |
| വാട്ടർ ടാങ്ക് | 5000 ലി. | 5/ലി | 25000 |
| സ്റ്റീൽ പ്ലാററ് ഫോം | 598കി | 90/കി | 53820 |

പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിനാലും പർച്ചേസ് ബില്ലുകൾ ഹാജരാക്കാത്തതിനാലും, എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാത്തതിനാലും കിണർ കുഴിച്ച സ്ഥലം പഞ്ചായത്തിന് കൈമാറിയ രേഖ ഹാജരാക്കാത്തതിനാലും ചെലവ് തുക 578560/-രൂപ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിററ് എൻക്വയറിക്ക് (നം-1/ 4.8.2017) സമർപ്പിച്ച മറുപടി, ഖണ്ഡിക പരാമർശം സാധൂകരിക്കത്തക്കതല്ല.

ii) പ്രവൃത്തി -മണ്ണാർമല കുടിവെള്ള പദ്ധതി

| | | | |
|---|---|---|---|
| പ്രോജക്ട് നം | (43/17 ) | അടങ്കൽ | 250000/-തനത് |
| കൺവീനർ | ഹനീഫ | എഗ്രിമെൻറ് | 73/16-17/9.3.2017 |
| എം ബുക്ക് | 679/16-17 | | |
| വൗച്ചർ നം | 62(D)16-17/28.9.2016 | തുക | 250000/- |

ഓഡിറ്റിന്റെ ഭാഗമായി പദ്ധതി പ്രദേശം പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സന്ദർശിക്കുകയും പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്തു. താഴെ രേഖപ്പെടുത്തിയ വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1.കുഴൽകിണർ കുഴിച്ചത് സ്റ്റേറ്റ് ഹൈവേയുടെ സ്ഥലത്താണ്. ഈ സ്ഥലം പഞ്ചായത്തിന് വിട്ട് നൽകിയതായി യാതൊരു രേഖയും ഫയലിൽ ഇല്ല. സർക്കാർ അനുമതിയോടെയാണോ കുഴൽകിണർ കുഴിച്ചത് എന്ന് വ്യക്തമല്ല.

2.സ്റ്റീൽ ഫാബ്രിക്കേറ്റഡ് പമ്പ്ഹൗസ് വെൽഡ് ചെയ്ത് നിർമ്മിച്ച് കുഴൽകിണറിന്റെ പരിസരത്ത് കിടക്കുന്നതായി കാണുന്നു. ഇതിന്റെ കാലുകൾ ഇപ്പോൾ തന്നെ തുരുമ്പെടുക്കുന്നതായി കാണുന്നു. ഇപ്രകാരം അലക്ഷ്യമായി കിടക്കുന്ന പമ്പ് ഹൗസിന് "Fabricating and fixing in position" എന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി തുക അനുവദിച്ച നടപടി ക്രമപ്രകാരമല്ല.

3.പ്രോജക്ടിന്റെ ഭാഗമായി സ്റ്റീൽ ഫാബ്രിക്കേറ്റഡ് ടാങ്ക് ബേസ് സ്ഥാപിച്ചിട്ടുണ്ട്. 5000 ലിറ്റർ വെള്ളം താങ്ങാനുള്ള ശേഷി ഇതിനില്ല എന്ന് പരിശോധനയിൽ വ്യക്തമാവുന്നു. മതിയായ തോതിൽ സപ്പോർട്ട് ബാറുകൾ സ്ഥാപിക്കാതെയാണ് ഇത് സ്ഥാപിച്ചിട്ടുള്ളത് എന്ന് കാണുന്നു. പ്രവൃത്തി നിർവഹണ ഘട്ടത്തിൽ മേൽനോട്ടത്തിലെ പിഴവ് പ്രകടമാക്കുന്നതാണ് ഈ ടാങ്ക് ബേസ്.

4.എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വൈദ്യുതീകരണത്തിന് പ്രോവിഷൻ 5000/*രൂപ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. എന്നാൽ ഇലക്ട്രിഫിക്കേഷൻ നടത്താതെയാണ് ഫൈനൽ ബിൽ നൽകിയിട്ടുള്ളത്.

ഫൈനൽ ബിൽ രേഖകൾ പരിശോധിച്ചതിൽ താഴേപ്പറയുന്ന പർച്ചേസ് ബില്ലുകൾ ഹാജരാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്.

| മെറ്റീരിയൽ | അളവ് | യൂണിററ് വില | തുക |
|---|---|---|---|
| 50 എം.എം പി.വി.സി പൈപ്പ് (10 കി/സെ.മി2) | 353 മീ | 85/മീ | 30005 |
| 50 എം.എം പി.വി.സി പൈപ്പ് 500 മീ (6 കി) | 383മീ | 75/മീ | 28725 |
| സ്റ്റീൽ പ്ലാററ് ഫോം | 387കി | 88/കി | 34056 |

പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിനാലും പർച്ചേസ് ബില്ലുകൾ ഹാജരാക്കാത്തതിനാലും, എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാത്തതിനാലും കിണർ കുഴിച്ച സ്ഥലം പഞ്ചായത്തിന് കൈമാറിയ രേഖ ഹാജരാക്കാത്തതിനാലും ചെലവ് തുക 250000/-രൂപ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിററ് എൻക്വയറിക്ക് (നം-2/ 4.8.2017) സമർപ്പിച്ച മറുപടി ഖണ്ഡിക പരാമർശം സാധൂകരിക്കത്തക്കതല്ല.

## 3-3 മരാമത്ത് പ്രവർത്തി -നികുതി കുറവായി ഈടാക്കി

പ്രവൃത്തി: മന്തംകുണ്ട് – അരിച്ചോല റോഡ് ടാറിംഗ്

| | | | |
|---|---|---|---|
| പ്രോജക്ട് നം/പേര് | (108/17)മന്തംകുണ്ട് അരീച്ചോല റോഡ് ടാറിങ് | അടങ്കൽ | 300000/- |

| | | | |
|---|---|---|---|
| കൺവീനർ | മുഹമ്മദ് .വി | എഗ്രിമെൻറ് | 45/16-17 /30.1.2017 |
| എം ബുക്ക് | 708/16-17 | ബിൽ നം | 69/16-17 /25.3.17 |

പ്രവൃത്തി മൂല്യം -295113/-

നികുതി ഈടാക്കിയത് സംബന്ധിച്ച വിവരങ്ങൾ

| നികുതി | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
|---|---|---|---|
| വാറ്റ് -5% | 14755 | 11206 | 3549 |
| ആദായ നികുതി | 2950 | 2241 | 856 |
| ക്ഷേമനിധി | 2951 | 2241 | 856 |

കുറവായി ഈടാക്കിയ നികുതി ഈടാക്കി ഒടുക്കേണ്ടതാണ്.

## 3-5 "വിമുക്തി" പദ്ധതി ഫണ്ട് ചെലവഴിച്ചിട്ടില്ല

വൗച്ചർ നം-21600288/28.3.2017 പ്രകാരം സംസ്ഥാന സർക്കാരിൽ നിന്നും ലഭ്യമായിട്ടുള്ള 25000/-രൂപ ചെലവഴിക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ നിലനിൽക്കുന്നുണ്ട് .ആയത് ചെലവഴിക്കാത്ത പക്ഷം തിരിച്ചടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 പശ്ചിമഘട്ട വികസന പദ്ധതി ഫണ്ട് ചെലവഴിച്ചിട്ടില്ല

പശ്ചിമഘട്ട വികസന പദ്ധതി പ്രകാരം പഞ്ചായത്തിന് ലഭ്യമായിട്ടുള്ള തുകയിൽ 219944/-രൂപ തിരിച്ചടവാക്കിയിട്ടുണ്ട് (വൗച്ചർ നം-21600442/13.1.2017). എന്നാൽ നീക്കിയിരിപ്പായി നിലവിൽ 333298/-രൂപയുള്ളത് ചെലവഴിക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ നിലനിൽക്കുന്നുണ്ട്. ആയത് തിരിച്ചടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

2016-17 വർഷത്തിൽ സ്പിൽ ഓവറായി നടപ്പിലാക്കിയ ഭവന നിർമ്മാണ ധനസഹായം (പ്രോജക്റ്റ് നം.34/17) പദ്ധതികളിൽപെടുന്ന, താഴെപ്പറയുന്ന ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | ആകെ കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|
| രാജൻ s/o അയ്യപ്പൻ, പുറ്റാനിക്കാട് വീട് | 80,000 | രണ്ടു ഗഡുക്കൾ (20,000 + 60,000) |

മേൽ ഗുണഭോക്താവ് അടിയന്തിരമായി ഭവന നിർമ്മാണം പൂർത്തീകരിക്കാത്തപക്ഷം നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 3-7 ആധാർ ഇൻസെന്റീവ് തുക വിതരണം ചെയ്തിട്ടില്ല

ആധാർ ഇൻസെന്റീവ് നൽകുന്നതിനായി ചെക്ക് നം-834564/8.7.2016 പ്രകാരം ജില്ല പ്രോഗ്രാം കോ.ഓഡിനേറ്ററിൽ നിന്നും ലഭ്യമായിട്ടുള്ള 266550/-രൂപ ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടില്ല. തുക ചെലവഴിക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ നിലനിൽക്കുന്നുണ്ട്. ആയത് ചെലവഴിക്കാത്ത പക്ഷം തിരിച്ചടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 പൊതുടാപ്പുകൾ- തെരുവ് വിളക്കുകൾ - ചാർജ് അടവാക്കുന്നത്- സംയുക്ത പരിശോധന നടത്തണം

1. പഞ്ചായത്തിൽ ജല അതോറിറ്റി നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതികൾക്ക് വാട്ടർ ചാർജ് അടച്ചുവരുന്നുണ്ട്. ഇതു സംബന്ധിച്ച് സ.ഉ(സാ)1275/2009/ത.സ്വ.ഭ.വ. തിയ്യതി- 30-05-2009 ഉത്തരവു പ്രകാരം തദ്ദേശ സ്ഥാപനം ജലഅതോറിറ്റി നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ പരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ കണക്കുകൾ ശേഖരിച്ച് അതിനനുസൃതമായാണോ പണം അടവാക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഓരോ മാസവും ജല അതോറിറ്റി സമർപ്പിക്കുന്ന ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ (10938/-രൂപ വീതം 25 ടാപ്പുകൾക്ക്) ജല അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. ആയത് പരിശോധിക്കുന്നതിന് ചുവടെ കൊടുക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

1. ഗ്രാമപഞ്ചായത്തിൽ ആകെ പരിപാലിച്ചു വരുന്ന പൊതു ടാപ്പുകളുടെ കൃത്യമായ എണ്ണം സംബന്ധിച്ച രജിസ്റ്റർ.

2. സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്. ടാപ്പുകളുടെ ഉപയോഗക്ഷമത സംയുക്ത പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതും ആയതിൻെറ അടിസ്ഥാനത്തിൽ വെള്ളക്കരം പുനർ നിർണ്ണയിക്കേണ്ടതുമാണ്.

II. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിവർഷത്തിൽ 222648/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ആയത് പരിശോധിക്കുന്നതിന് ചുവടെ കൊടുക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1. ഗ്രാമപഞ്ചായത്തിൽ ആകെ പരിപാലിച്ചുവരുന്ന തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം, ഇനം എന്നിവ സംബന്ധിച്ച രജിസ്റ്റർ. (പുതുതായി സ്ഥാപിച്ചവ ഡിമാന്റിൽ കൂട്ടിച്ചേർത്താണ് ഡിമാന്റ് തയ്യാറാക്കിയിട്ടുള്ളത് )

2. തെരുവ് വിളക്കിനു ചാർജ് ഈടാക്കുതിന്റെ മാനദണ്ഡം വിശദമാക്കുന്ന താരിഫ്

3. സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്.
നിലവിൽ തെരുവു വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ആയതിൻെറ അടിസ്ഥാനത്തിൽ വൈദ്യുത ചാർജ്ജ് പുനർ നിർണ്ണയിക്കേണ്ടതാണ്.

## 3-9 ഒ ഡി എഫ് - തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

പൊതുസ്ഥലങ്ങൾ മലമൂത്ര വിസർജ്ജ മുക്തമാക്കുന്നതിനായി സ.ഉ (സാധാ) നം. 1773/2016/ തസ്വഭവ തി. 27.05.2016 പ്രകാരം സ്വച്ഛ്ഭാരത് മിഷൻ വിഹിതം 12,000 രൂപയും, ഗ്രാമപഞ്ചായത്ത് വിഹിതം 3,400 രൂപയും ഉൾക്കൊള്ളിച്ച് ഒരു യൂനിറ്റിന് 15,400 രൂപ വെച്ച് കക്കൂസ് നിർമ്മാണത്തിനായി അനുവദിക്കുന്നതിനും, സ്വച്ഛ്ഭാരത് മിഷൻ വിഹിതം ലഭ്യമാകാൻ വൈകുന്ന പക്ഷം പ്ലാൻ ഫണ്ടിൽ നിന്നോ, തനത്ഫണ്ടിൽ നിന്നോ തുക താൽക്കാലികമായി വകയിരുത്തുവാനും, സ്വച്ഛ്ഭാരത് മിഷൻ വിഹിതം ലഭ്യമാകുന്ന പക്ഷം പ്രസ്തുത തുക തിരികെ വരവു വെക്കുവാനും നിർദ്ദേശിച്ചിരുന്നു. തതനുസരിച്ച് കീഴാറ്റൂർ ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ നടപ്പിലാക്കിയ 'സമ്പൂർണ്ണ ശുചിത്വം പദ്ധതി' ക്കായി (പ്രോജക്റ്റ് നം.1/17) 2,40,000 രൂപ ശുചിത്വമിഷൻ വിഹിതവും, 15,77,200 രൂപ തനത്ഫണ്ടും ഉൾപ്പെടെ 18,77,200രൂപ ചെലവഴിച്ചിട്ടുണ്ട്. 118

എണ്ണം കക്കൂസുകളാണ് നിർമ്മിച്ചിട്ടുള്ളത്. പദ്ധതിക്കായി ശുചിത്വമിഷനിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട 14,16,000 രൂപയിൽ (118*12,000) 2,40,000 രൂപയാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്. അവശേഷിച്ച 11,76,000 രൂപ കൂടി ലഭ്യമായതിന്റെയും, തുക തനത്ഫണ്ടിലേക്ക് തിരികെ വരവു വെച്ചതിന്റെയും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-10 കൺവീനർ പ്രവൃത്തികൾ സുതാര്യമാക്കണം

സംസ്ഥാന ആസൂത്രണബോർഡ് 1999-ൽ പുറപ്പെടുവിച്ചിട്ടുള്ള ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്തുന്ന പ്രോജക്ടുകളിൽ താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ നിർവ്വഹണം നടത്താവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്.

1.പൊതുമരാമത്ത് ചട്ടം വകുപ്പ് 13 പ്രകാരമുള്ള ഗുണഭോക്തൃസമിതി രൂപീകരണം നടത്തിയിരിക്കണം. പ്രസിഡൻറോ, സ്റ്റാൻഡിങ് കമ്മററി ചെയർമാനോ, മെമ്പറോ, 3 ദിവസങ്ങൾക്ക് മുമ്പ് രേഖാമൂലം നോട്ടീസ് നൽകി 7 മുതൽ 15 വരെ അംഗങ്ങളും ചെയർമാൻ, കൺവീനർ എന്നിവരേയും തെരെഞ്ഞെടുത്ത് പഞ്ചായത്ത് ഭരണസമിതിയിൽ അംഗീകാരം വാങ്ങിയിരിക്കണം. ഇത് പാലിക്കപ്പെട്ടിട്ടില്ല.

2.പണമിടപാടുകൾക്ക് സംയുക്ത ബാങ്ക് അക്കൗണ്ട് തുടങ്ങി ആയതിലൂടെ മാത്രമേ ഇടപാട് നടത്താവൂ. പ്രവൃത്തി പൂർത്തീകരിച്ചാൽ അക്കൗണ്ട് ക്ലോസ്സ് ചെയ്ത് ഫയലിൽ സൂക്ഷിക്കണം. ആയത് പാലിച്ചിട്ടില്ല.

3.മസ്റ്റർറോൾ ഒരാഴ്ചത്തേക്ക് ഒന്ന് എന്ന കണക്കിൽ പൂർത്തീകരിച്ച് നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിരിക്കണം. ഇത് പാലിക്കപ്പെട്ടിട്ടില്ല.

4.നിർമ്മാണ സാധനങ്ങൾ വാങ്ങുമ്പോൾ അംഗീകൃത ബില്ലുകൾ ലഭ്യമാക്കണം. ആയത് അസി.എൻജിനീയർ വാല്യുവേഷൻ സാക്ഷ്യപ്പെടുത്തിയിരിക്കണം. ഇത് പാലിക്കപ്പെട്ടിട്ടില്ല. സിമൻറ്, കമ്പി, മെറ്റൽ, മോട്ടോറുകൾ എന്നിവ വാങ്ങിയതിന് അംഗീകൃത ബില്ലുകൾ ഹാജരാക്കിയിട്ടില്ല.

5.കൺവീനറുടെ പേരിലുള്ള പാൻകാർഡ് കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

6.മിനിറ്റ്സ് ബുക്കിൽ പ്രോജക്ട് പൂർത്തികരിച്ച ശേഷം കണക്ക് അവതരിപ്പിച്ച് പാസ്സാക്കിയതായി കാണുന്നില്ല.

2016-17 ൽ കൺവീനർ പ്രവൃത്തികൾ നടത്തിയിട്ടുള്ളതിന്റെ രേഖകൾ പരിശോധിച്ചതിൽ ഇത്തരം അപാകതകൾ നിലനിൽക്കുന്നുണ്ട്.

## 3-11 ആശ്രയ പദ്ധതി കാര്യക്ഷമമല്ല

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരും അഗതികളുമായ ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് അഗതി ആശ്രയ പദ്ധതി. അഗതികളെ കണ്ടെത്തുന്നതിനും അവർക്ക് ആവശ്യമായ പരിചരണ സേവന പാക്കേജ് തയ്യാറാക്കുന്നതിനും വിശദമായ മാർഗ്ഗരേഖകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 10-ാം പഞ്ചവത്സര പദ്ധതി മുതൽ (2007-12) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ അഗതി കുടുംബങ്ങൾക്കുവേണ്ടി 'ആശ്രയ' എന്ന സ്പഷ്ടമായ ഒരു പ്രോജക്ടുണ്ടായിരിക്കണമെന്നും, ആശ്രയ പ്രോജക്ട് തയ്യാറാക്കുക എന്നത് ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും ചുമതലയാണെന്നും, ഗ്രാമപഞ്ചായത്തുകളുടെ ആശ്രയ പദ്ധതിയിലെ നിശ്ചിത ഘടകങ്ങൾക്കു വേണ്ട സഹായം ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും നൽകണമെന്നും മാർഗ്ഗരേഖയിൽ സർക്കാർ വ്യവസ്ഥ ചെയ്തിരുന്നു.

ഗ്രാമപഞ്ചായത്ത് അഗതികളുടെ പുനരധിവാസത്തിനായി ഒന്നാം ഘട്ടത്തിൽ 2710120 രൂപ അടങ്കലുള്ള ഒരു കർമ്മ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നു. 2007-08 വർഷം ആരംഭിച്ച് മൂന്ന് വർഷം കൊണ്ട് പദ്ധതി പൂർത്തിയാക്കുന്നതിനായിരുന്നു വിഭാവനം ചെയ്തിരുന്നത്. പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ ഏറ്റവും കഷ്ടതയനുഭവിക്കുന്ന 77 കുടുംബങ്ങളെ സർവ്വേയിലൂടെ കണ്ടെത്തി (ഒന്നാം

ഘട്ടം) അവരുടെ വിഷമതകളെ പ്രത്യേകം മനസ്സിലാക്കി പരിഹരിക്കുന്നതിനും ആശ്വാസം നൽകുന്നതിനുമാണ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ആക്ഷൻ പ്ലാനിൽ ലക്ഷ്യമിട്ടിരുന്നത്. ആക്ഷൻ പ്ലാനിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ഗുണഭോക്താക്കളുടെ എണ്ണം | തുക | ചെലവഴിച്ചത് |
|---|---|---|---|---|
| 1 | സ്ഥലം | 13 | 330000 | 200000 |
| 2 | വീട് | 28 | 1475000 | 525000 |
| 3 | വീട് അറ്റകുറ്റപ്പണി | 29 | 190000 | 48750 |
| 4 | ചികിത്സ | 120 | 57600 | 19200 |
| 5 | സ്വയം തൊഴിൽ | 8 | 160000 | 0 |
| 6 | ഭക്ഷണം | 2500 | 397500 | 132500 |
| 7 | വിദ്യാഭ്യാസം | 1000 | 36000 | 12000 |
| 8 | വസ്ത്രം | 500 | 16500 | 5500 |
| 9 | പെൻഷൻ | 1230 | 47520 | 15840 |
| | ആകെ | | 2710120 | 958790 |

മേൽ കാണിച്ചിരിക്കുന്ന പ്രകാരം 25.70 ലക്ഷം രൂപ അടങ്കലുള്ള കർമ്മ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയതല്ലാതെ പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് സമാഹരിക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനും പദ്ധതിയുടെ നിർവ്വഹണ ചുമതലയുണ്ടായിരുന്ന സി.ഡി.എസ്സും ഗ്രാമപഞ്ചായത്ത് അധികൃതരും നടപടി സ്വീകരിച്ചിട്ടില്ല. നിലവിൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങി വിതരണം ചെയ്തത് ഒഴിച്ചാൽ മറ്റ് യാതൊരു പദ്ധതി പ്രവർത്തനങ്ങളും നാളിതുവരെ നടത്തിയിട്ടില്ല.

മാർഗ്ഗരേഖ പ്രകാരം നിർബന്ധിത വകയിരുത്തൽ നടത്തേണ്ടിയിരുന്ന പ്രോജക്ട് ആയിട്ടും 2007-08 മുതൽ 2016-17 വരെ കാലയളവിലെ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതികളിൽ ആശ്രയ പദ്ധതിക്കായി തുക വകയിരുത്തിയത് ചെലവഴിച്ചിട്ടില്ല. ആശ്രയ പദ്ധതി അക്കൗണ്ടിൽ (കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ട് നം-40197100106096 ൽ 203746/-രൂപയും തച്ചിങ്ങനാടം കോ.ഓപ്പറേറ്റീവ് ബാങ്കിൽ അക്കൗണ്ട് നം-5903 ൽ 410673/-രൂപയും) നീക്കിയിരിപ്പുണ്ട്. ആയതിൻെറ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

സമൂഹത്തിലെ ഏറ്റവും കഷ്ടതയനുഭവിക്കുന്ന ജനങ്ങൾക്കുവേണ്ടി സർക്കാർ വിഭാവനം ചെയ്ത പദ്ധതി വേണ്ടവിധം നടപ്പിലാക്കാതെ ഈ ആവശ്യത്തിനുള്ള ഫണ്ട് ബാങ്കിലിട്ട് സി.ഡി.എസ്. പലിശ വാങ്ങുക മാത്രമാണ് ചെയ്യുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ നിർബന്ധമായും നടപ്പിലാക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പദ്ധതി നടപ്പിലാക്കാതിരുന്നത് ഗൗരവം അർഹിക്കുന്ന വീഴ്ചയാണ്. പദ്ധതി നടത്തിപ്പിൽ വീഴ്ച വരാനുണ്ടായ കാരണവും ആയതിന് ഉത്തരവാദികൾ ആരെല്ലാം എന്നത് സംബന്ധിച്ചും ഭരണ സമിതി വിശദമായ അന്വേഷണം നടത്തി പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

## 3-12 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കണം

| പ്രോജക്ട് | അടങ്കൽ | തുക | ബിൽ നം/ചെക്ക് നം | റിമാർക്ക്സ് |
|---|---|---|---|---|
| 2/17-എസ്.എസ്.എ(ജനറൽ) | 900000 | 900000 | 13/16-1/21.12.16 | എസ്.എസ്.എ |
| 3/17-എസ്.എസ്.എ(എസ്.സി) | 300000 | 300000 | 11/16-1/21.12.16 | എസ്.എസ്.എ |
| 4/16-17-ഐ.എ.വൈ. (എസ്.സി) | 140000 | 140000 | 11/16-1/21.12.17 | ബ്ലോക്ക് പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| 5/17-ഐ.എ.വൈ.(ജനറൽ) | 650000 | 650000 | 143/16-1/23.2.17<br>10/16-1/21.12.16 | ബ്ലോക്ക് പഞ്ചായത്ത് |
| 133/17-എ.ബി.സി. പദ്ധതി | 75000 | 75000<br>(തനത്) | 21600620/15.3.17 | ജില്ല മൃഗസംരക്ഷണ വകുപ്പ് ഓഫീസ് |
| 161/17-സമ്പൂർണ്ണ വൈദ്യുതീകരണം | 370000 | 370000 | 148/16-1/20.3.17 | കെ.എസ്.ഇ.ബി |
| 162/16-17 സാമൂഹ്യസുരക്ഷ മിഷന് വിഹിതം | 500000 | 500000 | 146/16-1/20.3.17 | സാമൂഹ്യസുരക്ഷ മിഷൻ |
| ആകെ | | 2935000 | | |

## 3-13 മാർഗ്ഗരേഖ പാലിക്കാതെ കെട്ടിട നിർമ്മാണ പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നു

പന്ത്രണ്ടാം പദ്ധതി പുതുക്കിയ മാർഗ്ഗരേഖ (2012-17)ജി.ഒ (എം.എസ്.)4/2016/ത.സ്വ.ഭ.വ/11.1.2016 (ഖണ്ഡിക 6.15.xiii-c) പ്രകാരം കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ കെട്ടിടം പൂർണ്ണ തോതിൽ ഉപയോഗിക്കുമ്പോൾ എന്തെല്ലാം പ്രവൃത്തികൾ ആവശ്യമാണോ അത്രയും പ്രവൃത്തികൾക്ക് ആദ്യ പ്രോജക്ടിൽ തന്നെ പ്രോവിഷൻ ഉൾപ്പെടുത്തിയിരിക്കണമെന്നും, ഫ്ലോറിങ്, ഇലക്ട്രിഫിക്കേഷൻ, പ്ലംബിങ് ഉൾപ്പെടെ ലംപ്സം തുകയായി ഉൾപ്പെടുത്തി ഒറ്റ പ്രോജക്ട് തയ്യാറാക്കണമെന്നും വ്യവസ്ഥയുണ്ട്. ആയതിന് വിരുദ്ധമായി ഒരേ വർഷം പ്രത്യേകം പ്രത്യേകം പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തിയതായി കാണുന്നു. നിലവിലുള്ള പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് മുകളിൽ പുതുതായി കെട്ടിടം നിർമ്മിക്കുന്നതിന് 2015-16 ഒരു എസ്ററിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തിയതിന് പുറമേ 2016-17 സാമ്പത്തിക വർഷം 3 പ്രോജക്ടുകൾ തയ്യാറാക്കുകയും നിർവ്വഹണം നടത്തുകയും ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1.പഞ്ചായത്ത് കെട്ടിടം അപ്സ്റ്റെയർ നിർമ്മാണം

| | | | |
|---|---|---|---|
| പ്രോജക്ട് നം | 226/16,51/17 | അടങ്കൽ | 2500000/-<br>(ലോക ബാങ്ക്) |
| കോൺട്രാക്ടർ | അബ്ദുൽ നാസ്സർ<br>(-0.67 %) | എഗ്രിമെൻറ് | 56/15-16/30.1.2016 |
| എം ബുക്ക് | 515/15-16 | നിർവ്വഹണം | അസി.എൻജിനിയർ |
| ബിൽ നം/തീ | 110/15-16/17.3.16 (പാർട്ട്)<br>131/15-16/26.3.17(പാർട്ട്)<br>32/16-17/16.3.17(ഫൈനൽ) | തുക-+2446484/- | 1297739/-(പാർട്ട്-1)<br>653363/-(പാർട്ട്-2)<br>495383/- (ഫൈനൽ ) |

2.പഞ്ചായത്ത് കെട്ടിടം അപ്സ്റ്റെയർ നിർമ്മാണം

| | | | |
|---|---|---|---|
| പ്രോജക്ട് നം | 129/17 | അടങ്കൽ | 499000/(ലോക ബാങ്ക്) |

| | | | |
|---|---|---|---|
| കോൺട്രാക്ടർ | നൗനേസ്സ് (എസ്റ്റിമേറ്റ് നിരക്ക്) | എഗ്രിമെൻറ് | 17/15-16/9.1.2017 |
| എം ബുക്ക് | 564/16-17 | നിർവ്വഹണം | അസി.എൻജിനിയർ |
| ബിൽ നം/തീ | 39/16-17/16.317 | തുക | 496791/- |

3.പഞ്ചായത്ത് കെട്ടിടം അപ്സ്റ്റെയർ നിർമ്മാണം

| | | | |
|---|---|---|---|
| പ്രോജക്ട് നം | 129/17 | അടങ്കൽ | 499000/-(ലോക ബാങ്ക്) |
| കോൺട്രാക്ടർ | നൗനേസ്സ്(എസ്റ്റിമേറ്റ് നിരക്ക്) | എഗ്രിമെൻറ് | 15/15-16/9.1.2017 |
| എം ബുക്ക് | 520/16-17 | നിർവ്വഹണം | അസി.എൻജിനിയർ |
| ബിൽ നം/തീ | 32/16-17/16.3.17 | തുക | 495383/- |

4 പഞ്ചായത്ത് ഓഫീസ് അപ്സ്റ്റെയർ വൈദ്യുതീകരണം

| | | | |
|---|---|---|---|
| പ്രോജക്ട് നം | 151/17 | അടങ്കൽ | 150000/- |
| കോൺട്രാക്ടർ | ഷാഹുൽ ഹമീദ് .വി | എഗ്രിമെൻറ് | 5/16-1717.2.17 |
| എം ബുക്ക് | 781/16-17 | നിർവ്വഹണം | സെക്രട്ടറി |
| ബിൽ നം/തീ | 149/16-17/21.317 | തുക | 149694/- |

ഇത്തരത്തിൽ ദീർഘ വീക്ഷണമില്ലാതെ പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തുന്നത് പഞ്ചായത്ത് ഫണ്ടിന് അധിക ബാദ്ധ്യതയും പൂർണ്ണതോതിൽ കെട്ടിടങ്ങൾ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയും ഉണ്ടാക്കും. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-14 മരുന്നുകൾ മുഴുവനും ലഭ്യമായില്ല.

പി.എച്ച്.സി.യിലേയ്ക്കും പരിരക്ഷ പദ്ധതിക്കുമായി കെ.എം.എസ്.സി.എല്ലിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് അവരുടെ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരം പണം ഒടുക്കിയതിൽ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | ബിൽ നം. | പ്രൊഫോർമ ഇൻവോയ്സ് നം. | തുക | ആകെ ലഭിച്ച മരുന്നുകളുടെ വില | ശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|---|
| SO024/17 പി. എച്ച്.സി യിലേയ്ക്ക് മരുന്ന് വാങ്ങൽ | 02/16-17 /18.11.2016 | 540/11.11.2016 | 3,00,000 | 2,96,405 | 3,595 |
| SO025/17 | 05/16-17 / 24.11.2016 | 543/11.11.2016 | 1,86,071 | 1,61,595 | 24,476 |

| | | | | | |
|---|---|---|---|---|---|
| പരിരക്ഷ | 15/16-17 /30.03.2017 | 4105/22.03.2017 | 90,000 | 0 | 90,000 |
| ആകെ | | | | | 1,18,071 |

പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുക മുൻകൂറായി ഒടുക്കുന്നതിനാൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി ചമയ്ക്കുന്ന കരാർ പ്രകാരമുള്ള സമയ പരിധിക്കകം തന്നെ മരുന്നുകൾ ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്.

ശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതുവരെ 1,18,071/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| k.s.e.b | സമ്പൂർണ്ണ വൈദ്യുതീകരണം | 148/16-17/ 21.3.17 | 370000 | - | 370000/- |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 610565 |
| ആകെ | 610565 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 610565 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം

തച്ചിങ്ങനാട് കോ-ഓപ്പറേറ്റീവ് ബാങ്ക് – 610565/-

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 53041/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10 | 3(10) | 6996 | ശ്രീ.അബ്ദുൾ ഗഫൂർ സെക്രട്ടറി | 11601107327/15.3.17 |
| 2011-12 | 21(6) | 1777 | അബൂബക്കർ ഹാജി. | 11601103356/18.10.16 |
| 2011-12 | 2(1) | 2168 | ശ്രീ.അയ്യപ്പൻ | 11601103358/18.10.16 |
| 2011-12 | 2(3) | 600 | ലൗ ലൈൻ മാച്ചസ്സ് | ഇ-പേയ്മെൻറ് -15.12.16 |
| 2015-16 | 21 (1)<br>21 (2) | 41500 | അൽ ഷിഫ നഴ്സിങ് കോളേജ് | 11601102521/31.3.17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 65812623 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 45608383 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 38,81,631 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2(3) | 1500 | - | സെക്രട്ടറി, ശ്രീമതി.താഹിറ .എൻ |
| ആകെ | 1500 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2(i) | 578560 | അസി.എൻജിനിയർ, ശ്രീ.അനിൽകുമാർ |
| 3-2(ii) | 250000 | അസി.എൻജിനിയർ, ശ്രീ.അനിൽകുമാർ |
| 3-12 | 2935000 | സെക്രറി, ശ്രീമതി താഹിറ.എൻ |
| 3-14 | 1,18,071 | ഡോ. സുഹാദ്, M.O (PHC) |
| ആകെ | 38,81,631 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

3-3 5261 അസി.എൻജിനിയർ, ശ്രീ.അനിൽകുമാർ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി താഹിറ<br>സെക്രട്ടറി | ലഭ്യമല്ല | കുരിമണ്ണിൽ (ഹൗസ്)<br>കടമ്പോട്, പാണ്ടിക്കാട്<br>മലപ്പുറം ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ-ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFM14/352/02 Dtd 14-2-2-11 | 07 |
| 1997-98 | LFM110/777/2004 Dtd14-2-2011 | 36 |
| 19998-99 | LFM16/630/2006 Dtd14-2-2011 | 33 |

| | | |
|---|---|---|
| 1999-2000 | LFM16/631/2006 Dtd14-2-2011 | 31 |
| 2000-2001 | LFM16/6327/2006 Dtd14-2-2011 | 39 |
| 2001-2002 | LFM16/907/2006 Dtd14-2-2011 | 14 |
| 2002-2003 | LFM16/1236/2007 Dtd14-2-2011 | 29 |
| 2003-2004 | LFM16/1885/2007 Dtd14-2-2011 | 41 |
| 2004-2005 | LFM16/1896/2008 Dtd14-2-2011 | 18 |
| 2005-2006 | LFM16/1134/2009 Dtd113-01-2011 | 10 |
| 2006-2007 | LFM11/1135/2009 Dtd13-01-2011 | 24 |
| 2007-2008 | LFM16/63/2012 Dtd2-7-2012 | 13 |
| 2008-2009 | LFM11/1091/2013 Dtd13-1-2014 | 19 |
| 2009-10 &2010-11 | LFM11/883/2014Dtd13-6-2014 | 21 |
| 2011-12 & 2012-13 | KSA/MPM11/1423/2015Dtd 25-8-2015 | 16 |
| 2013-14 & 2014-15 | KSA/MPM11/1930/2016Dtd 03-8-2016 | 15 |
| 2015-16 | KSA/MPM11/3206/2016Dtd-19.11.16 | 4 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

# ANNEXURE

## ഓഡിററ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-എം.പി.എം.11/2010/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ- 676 505 ഫോൺ: 0483 2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയതി . 20-10-2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിൻറ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കീഴാറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

# ANNEXURE

## AUDIT CERTIFICATE

No.KSA.MPM11/2010/2017

office of the Senior Deputy Director
Kerala State Audit Department,
District Audit Office, Malappuram.

Date 20-10-2017

Certified that I have examined tha Annual Financial Statement of Keezhatur Grama Panchayath for the year ended on 31.3.2015 in Malappuram District in accordance with section '4' of the Kerala Local Fund Audit Act 1994; section 215 of the Kerala Panchayath Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayath Raj Institutions.

In my opinion the Financial Statements of Keezhatur Grama Panchayth for the year 2016-17 subject to the observation in the Annexure properly presents the picture of income,expenditure and closing balance.

DEPUTY DIRECTOR

Kerala State Audit Department,
District Audit Office, Malappuram.